LIBRARY ARCHIVES Kerala Legislative Assembly

അനന്തമൂർത്തി കമ്മീഷൻ

39 [1390] ശ്രീ. ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ ഘടന സംബന്ധിച്ച് പഠിക്കാൻ നിയോഗിച്ച അനന്തമൂർത്തി കമ്മീഷന്റെ പ്രവർത്തന പുരോഗതി വിശദമാക്കാമോ;

(ബി) കമ്മീഷൻ ഇതിനോടകം എത്ര സിറ്റിംഗുകൾ നടത്തിയിട്ടുണ്ട്;

(സി) കമ്മീഷന്റെ പ്രവർത്തനത്തിനായി ഇതേവരെ എന്തു തുക ചെലവഴിച്ചു;

(ഡി) പ്രസ്തുത കമ്മീഷൻ ഇതിനോടകം എന്തെങ്കിലും ഇടക്കാല നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം?

ഉത്തരം

(എ) 2003 ആഗസ്റ്റ് മാസം 4-ാം തീയതി കമ്മീഷൻ ഔദ്യോഗികമായി പ്രവർത്തനം ആരംഭിച്ചു. വിദ്യാഭ്യാസ വിചക്ഷണർ, ഉന്നത ഉദ്യോഗസ്ഥർ, സാമൂഹ്യ പ്രവർത്തകർ, അദ്ധ്യാപക സംഘടനാ പ്രതിനിധികൾ, സന്നദ്ധ സംഘടനാ പ്രതിനിധികൾ, പൊതുജനങ്ങൾ തുടങ്ങിയവരിൽ നിന്നും കമ്മീഷൻ തെളിവെടുപ്പ് നടത്തിയിട്ടുണ്ട്. കോട്ടയം, കോഴിക്കോട്, മലപ്പുറം, തിരുവനന്തപുരം എന്നീ ജില്ലകളിലായി 20 സിറ്റിംഗും നടത്തിയിട്ടുണ്ട്. കൂടാതെ കർണ്ണാടക സംസ്ഥാന സ്കൂൾ വിദ്യാഭ്യാസത്തെ സംബന്ധിച്ച് വിശദമായ പഠനം നടത്തിക്കൊണ്ട് വിവിധ ഗ്രൂപ്പുകളുമായി 7 സിറ്റിംഗും നടത്തിയിട്ടുണ്ട്. കർണ്ണാടകത്തിലെ ചില സ്കൂളുകളും കമ്മീഷൻ സന്ദർശിച്ചിട്ടുണ്ട്. ഡൽഹി ആസ്ഥാനമായുള്ള NIEPA, NCERT, CIET, NCTE, National Open School, CBSE എന്നീ കേന്ദ്ര വിദ്യാഭ്യാസ സ്ഥാപനങ്ങൾ സന്ദർശിച്ച് വിദ്യാഭ്യാസ വിദഗ്ദ്ധരുമായി 6 സിറ്റിംഗും നടത്തിയിട്ടുണ്ട്. ഡൽഹിയിലെ ചില സ്കൂളുകളും കമ്മീഷൻ സന്ദർശനം നടത്തിയിട്ടുണ്ട്. മേൽ വിവരിച്ച സിറ്റിംഗുകളിൽനിന്നും ലഭ്യമായ വിവരങ്ങൾ ക്രോഡീകരിച്ചുകൊണ്ടുള്ള സമഗ്രമായ റിപ്പോർട്ട് തയ്യാറായി വരുന്നു.

(ബി) ആകെ 34 സിറ്റിംഗ് നടത്തിയിട്ടുണ്ട്.

(സി) കമ്മീഷന്റെ പ്രവർത്തനത്തിനായി ഇതേവരെ ആകെ 13,01,677 രൂപ ചെലവഴിച്ചിട്ടുണ്ട്.

(ഡി) ഇല്ല.